# പട്ടത്തിന് പറയാനുള്ളത്

G H S S CHEMNAD LITTLE KITES UNIT സംരംഭം



# Table of Contents


Heading 1 ..... 3

എഡിറ്റോറിയൽബോർഡ് ..... 4

പത്രാധിപസമിതിഅംഗങ്ങൾ ..... 4

MESSAGE ..... 5

KRISHNAN NAMBOOTHIRI. N.M(HEADMASTER.) ..... 5

ഞാനും ലിറ്റിൽ കൈറ്റ്സും ..... 6

അർച്ചനദാസ് ..... 6

ലിറ്റിൽകൈറ്റ്സ്-മറക്കാനാവാത്തഅനുഭവങ്ങൾ ..... 8

Sanath.B ..... 8

ചിലജീവിതയാഥാർത്ഥ്യങ്ങൾ ..... 15

ARCHANA AUGUSTY ..... 15

കനൽവഴികൾ ..... 16

Sreeranjini.K ..... 17

പൊലിഞ്ഞുപോകുന്നവാർദ്ധക്യം ..... 17

Vaishnavi9.A ..... 18

മുബൊരിക്കല് ..... 22

SANIYA ..... 22

പിന്നീടൊരിക്കല്ല് ..... 23

SANIYA ..... 23

I LOVE LITTLE PUSSY ..... 24

Nandana .M ..... 25

FRIENDS THE REAL SOUL OF LIFE ..... 25

Vijitha .T9.E ..... 26

മഹിഷാസുരന്റെ നാട്ടിലേക്കൊരു യാത്ര......................................26
Anjali.V......................................................................................35
കറുപ്പ്.........................................................................................36
Archana das.A9.B.....................................................................37
പൂവിനോട്....................................................................................37
Sangeetha.L8.e.........................................................................37
സ്നേഹത്തിന്റെ ഓർമ്മകൾ.........................................................38
അനുഭവക്കുറിപ്പ്...........................................................................39
Malavika.....................................................................................39
വിജയവും പരാജയവും..............................................................42
By...............................................................................................43
Raniya Farhath.C.L...................................................................43
ഇല കൊഴിയും കാലം...............................................................43
by...............................................................................................45
Anjusha.K..................................................................................45
9.E.............................................................................................45
MY WORLD OF CARTOON....................................................46
SHADAB AHAMED..................................................................46

# എഡിറ്റോറിയൽബോർഡ്

ചീഫ്എഡിറ്റർ-കൃഷ്ണൻനമ്പൂതിരി(ഹെഡ്മാസ്റ്റർ)
സ്റ്റാഫ്എഡിറ്റർ-രഘു.പി(കൈറ്റ്അധ്യാപകൻ)
സ്റ്റുഡന്റ്എഡിറ്റർ-അർച്ചനാദാസ്.എ

# പത്രാധിപസമിതിഅംഗങ്ങൾ

അർച്ചനഅഗസ്റ്റി(ജോയിന്റ്സ്റ്റുഡൻസ്എഡിറ്റർ)
അഞ്ജന.എം
കാവ്യ.എം
അക്ഷര.സി.പി
അഞ്ജൂഷ.കെ
ശ്രീരഞ്ജിനി.കെ

# MESSAGE

I am very happy to hear that students of LITTLE KITEs CLUB of my school G.H.S.S CHEMNAD is going on release an E-magazine/Digital magazine. I congratulate all the students and teachers who guided them for their effort used to release the -Magazine. Wishing you all the best.......

KRISHNAN NAMBOOTHIRI. N.M(HEADMASTER.)

## ഇതൊരു തുടക്കമാകട്ടെ

**കേരളത്തിലെ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികളിൽ ഐ ടി വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ലിറ്റിൽ കൈറ്റ്സ് എന്ന ആശയം നിലവിൽ വന്നത് .**

**ക്ലബ്ബിലെ അംഗങ്ങളുടെ ഈയൊരു സംരംഭത്തിന് വേണ്ട പിന്തുണയും സഹകരണവും നൽകാനായതിൽ ചാരിതാർഥ്യമുണ്ട് .ക്ലബ് യൂണിറ്റിന്റെ നേതൃത്വത്തിൽ കൂടുതൽ നല്ല സാങ്കേതിക സൃഷ്ടികളുണ്ടാകട്ടെ എന്നാശംസിക്കുന്നു**

RAGHU P-Kite Master

## ആശംസ

സ്കൂളിലെലിറ്റിൽകൈറ്റിന്റെനേതൃത്വത്തിൽതയ്യാറാക്കിയഇ-മാഗസിനാണ്'പട്ടത്തിനുപറയാനുള്ളത്'.കുട്ടികളുടെസർഗാത്മകസൃഷ്ടികൾകൈറ്റിലെഅംഗങ്ങൾമറ്റു കുട്ടികളുടെസഹായത്തോടെവിവിധസോഫ്റ്റ്വയറുകൾഉപയോഗിച്ച്പരമാവധിഭംഗിയാക്കാൻ ശ്രമി-ച്ചിട്ടുണ്ട്.കുട്ടികളുടെആദ്യസംരംഭമായ'പട്ടത്തിനുപറയാനുള്ളത്'എന്ന മാഗസിന്എല്ലാവിധആശംസകളുംനേരുന്നു.

JAYALAKSHMI
(KITE Mistress)

# ഞാനും ലിറ്റിൽ കൈറ്റ്സും

അർച്ചനദാസ്

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെഭാഗമായി
സ്കൂളുകളിൽരൂപീകരിച്ചിട്ടുള്ളകുട്ടികളുടെഐ.ടിക്ലബ്ബുകളാണ്ലിറ്റിൽകൈറ്റ്സ്.കാലംമാറുമ്പോൾ
,ലോകംപുരോഗതിയിലേക്ക്കുതിക്കു-
മ്പോൾവിദ്യാഭ്യാസസൗകര്യങ്ങളുംഅതിനനുസരിച്ച്മാറുകയാണ്
.വിദ്യാലയങ്ങളെല്ലാംഹൈടെക്ക്ആയിക്കൊണ്ടിരിക്കുമ്പോൾഐ.ടിസാ-
ധ്യതകളെവളരെയേറെപ്രയോജനപ്പെടുത്തുന്നുണ്ട്
.സ്കൂളിൽനടത്തുന്നഅഭിരുചിപരീക്ഷകൾവഴിതിരഞ്ഞെടുക്കപ്പെടുന്നകുട്ടികൾക്ക്ഹാർഡ് വെയർ
,ഇലക്ട്രോണിക്സ്,ആനിമേഷൻ,പ്രോഗ്രാമിംഗ്,സൈബർസുരക്ഷ,മലയാളം
കമ്പ്യൂട്ടിംഗ്,മൊബൈൽആപ്പ്നിർമ്മാണം,റോബോട്ടിക്സ്,ഇ-
ഗവേണൻസ്,വെബ്ടിവിതുടങ്ങിയമേഖലകളിൽപ്രത്യേകപരിശീ-
ലനംനൽകുന്നു
.കൂടാതെവിദഗ്ധരുടെക്ലാസുകളുംക്യാമ്പുകളുംസംഘടിപ്പിക്കുന്നുണ്ട്
.ഇത്തരംപ്രവർത്തനങ്ങളിലൂടെസ്കൂളിലെലിറ്റിൽകൈറ്റ്സ്ക്ലബ്ബംഗങ്ങൾക്ക്ഐ.ടിമേഖലയിൽവൈദഗ്ധ്യംനൽകുന്നു.ഈവിവരങ്ങൾതുടർന്ന്മറ്റുകുട്ടികളിലേക്കുംപകർന്നുനൽകുകയാണ്ചെയ്യുന്നത്.
2018 ജനുവരി22 -ന്ബഹുമാനപ്പെട്ടമുഖ്യമന്ത്രിശ്രീപിണറായിവിജയൻഉദ്ഘാടനംചെയ്തലിറ്റിൽകൈറ്റ്സിൽ,അംഗത്വംനേടാൻഎനിക്ക്സാധിച്ചു.എല്ലാബുധനാഴ്ച്ചകളിലുംവൈകിട്ട്പരിശീലനംലഭിക്കുന്നുണ്ട്.
ഓരോരോമേഖലയിലെപ്രവർത്തനങ്ങളിലുംപരിശീലനംല
ഭിച്ചശേഷംക്യാമ്പുകൾഘടിക്കപ്പെടുന്നുണ്ട്.2018 ഒക്ടോബർ6,7
തീയതികളിൽആനിമേഷൻ
,പ്രോഗ്രാമിംഗ്എന്നിവയ്ക്ക്ഊന്നൽനൽകിക്കൊണ്ടുള്ളക്യാമ്പ്കാസറഗോഡ്ജി.എച്ച്.എസ്.എസ്,ഐ.ടി@സ്കൂൾഎന്നിവിടങ്ങളിൽവച്ച്നടന്നിരുന്നു.സ്കൂളിൽവച്ച്നടന്നപരീക്ഷയെഅടിസ്ഥാനപ്പെടുത്തിഎനിക്ക്,
സബ്ജില്ലാതലക്യാമ്പിലെപ്രോഗ്രാമിംഗ്വിഭാഗത്തിലേക്ക്യോഗ്യതലഭിച്ചു
.ആനിമേഷനെക്കാൾകൂടുതൽയുക്തിപ്രയോഗിക്കേണ്ടതുംചിന്തിക്കേണ്ടതുംപ്രോഗ്രാമിംഗിലാണെന്നകേട്ടുകേൾവിയുണ്ടായിരുന്നു.ക്യാമ്പിലൂടെഒരുപാട്പുതിയകാര്യങ്ങൾപഠിച്ചു.
നാംസാധാരണയായിഉപയോഗിക്കാറുള്ളഓരോമൊബൈൽആപ്പുകളുടെയുംഗെയിമുകളുടെയുംഒക്കെപിന്നിൽഎത്രമാത്രംകഠിനപ്രയത്നമുണ്ടെന്നകാര്യംഞാൻതിരിച്ചറിഞ്ഞു.മോർഫിംഗ്ഇന്ന്ഒരുക്രിമിനൽ
കുറ്റമാണെങ്കിലുംഎങ്ങനെഅതിനെനല്ലരീതിയിൽഉപയോഗിക്കാമെന്നുകണ്ടു
.ആനുകാലികപ്രസക്തിയുള്ളഒരുഗെയിംഉണ്ടാക്കുകഎന്നലക്ഷ്യത്തോടെപ്രളയവുമായിബന്ധപ്പെട്ടഗെയിംതയാറാക്കി
.മൊബൈൽഅപ്ലിക്കേഷനുകളുടെചെറിയരൂപങ്ങളുംപഠിച്ചു
.ചെറുതുംവലുതുമായഗെയിമുകളുണ്ടാക്കി
.രണ്ട്ദിവസത്തെക്യാമ്പിലൂടെഎന്നെക്കൊണ്ട്സാധിക്കില്ലെന്നുകരുതിയപലതുംഞാൻചെയ്തു
.സ്കൂളിൽനിന്നുംലഭിച്ചപരിശീലത്തിനിടെപ്രയോഗിച്ചയുക്തികളൊക്കസ്വയംപ്രയോഗിച്ച്പരീക്ഷികയായിരുന്നു
അവിടെ
.ക്യാമ്പിൽനിന്നുംലഭിച്ചവിവരങ്ങളെല്ലാംഇന്ന്മറ്റുകുട്ടികളിലേക്കുംഎത്തിക്കാൻസാധിച്ചിട്ടുണ്ട്
.ലിറ്റിൽകൈറ്റ്സ്ക്ലബ്ബ്സ്കൂളിലെഎല്ലാകുട്ടികൾക്കുംഉപകാരപ്രദമാകുന്നുണ്ട്
.സ്കൂളിലെഐ.ടിപ്രവർത്തനങ്ങളിലെല്ലാംഇന്ന്ലിറ്റിൽകൈറ്റ്സ്കുട്ടികൾസജീവമാണ്

.സംസ്ഥാനതലംവരെനീളുന്നക്യാമ്പുകളാണ്ഇതിന്റെഭാഗമായിസംഘടിപ്പിച്ചിട്ടുള്ളത്
.അങ്ങനെഓരോതലങ്ങളിലുംവച്ച്പുത്തൻഅറിവുകളുമായിലിറ്റിൽകൈറ്റ്സ്കുട്ടികളുണ്ടാവും-
ഹൈടെക്ക്കേരളത്തിന്റെഹൈടെക്ക്കുട്ടികളായ്......

*****************************************

## ലിറ്റിൽകൈറ്റ്സ്-മറക്കാനാവാത്തഅനുഭവങ്ങൾ

Sanath.B

പഠനത്തിൽഎനിക്ക്മറക്കാൻപറ്റാത്തതാണ്ലിറ്റിൽകൈറ്റ്സ്.വിവര-വിനിമയ-സാങ്കേതികരംഗത്ത്ഒരുപാട്അറിവുകൾനൽകാൻലിറ്റിൽകൈറ്റ്സിന്സാധിച്ചു
.കമ്പ്യൂട്ടർരംഗത്ത്നിരവധിപരിശീലനംലഭിച്ചു
.ലിറ്റിൽകൈറ്റ്സ്എന്നാൽമറ്റുള്ളവർക്ക്കൃത്യമായിഅറിയാൻസാധ്യതയില്ല.എന്നാൽNCC,SPC,SCOUT,JRC എന്നിവ

യെപ്പോലെത്തന്നെലിറ്റിൽകൈറ്റ്സുംപ്രാധാന്യമർഹിക്കുന്നു.

എട്ടാംതരത്തിൽനിന്നാണ്ഞാൻലിറ്റിൽകൈറ്റ്സിൽചേരുന്നത്.NCC,SCOUT,JRC എന്നിവയിലൊന്നുംചേരാൻപറ്റാത്തതിനാലുംവിവര-വിനിമയ-സാങ്കേതികരംഗത്ത്അതായത്കമ്പ്യൂട്ടർരംഗ-


ത്തോടുള്ളഇഷ്ടവും, ലിറ്റിൽകൈറ്റ്സിൽചേരാൻഎന്നെനിർബന്ധിപ്പിച്ചു .രഘുമാഷുംജയലക്ഷ്മിടീച്ചറുമാണ്കൈറ്റ്സിന്റെഅധ്യാപകർ.ആ-

നിമേഷൻവീഡിയോകൾഉണ്ടാക്കുവാനുംവീഡിയോഗെയിംസ്ഉണ്ടാക്കുവാനുമാണ്ആദ്യത്തെക്ലാസുകളിൽപഠിപ്പിച്ചത്.ഇതിലൂടെട്ടുപ്പിട്യൂ- ബുംസ്ക്രാച്ചുംഎനിക്ക്പരിചിതനായി.

ഇതിനിടയിലാണ്മാഷ്ലിറ്റിൽകൈറ്റ്സിന്റെദ്വിദിനക്യാമ്പിനെപ്പറ്റിപറയുന്നത് .മറ്റാരെയുംപോലെക്യാമ്പിൽപങ്കെടുക്കാൻഎനിക്ക്

താൽപ്പര്യമുണ്ടായിരുന്നു
.ആയതിനാൽമാഷ്ഒരുപരീക്ഷവെക്കുകയും8 പേരെതിരഞ്ഞെടുക്കുകയുംചെയ്തു.
8 പേരിൽഒരാളായിഎന്നെയുംതിര-
ഞ്ഞെടുത്തു
.ആനിമേഷൻ
,പ്രോഗ്രാമിംഗ്എന്നിങ്ങനെരണ്ട്വിഭാഗംഉണ്ടായിരുന്നു
.ഞാൻആനിമേഷൻവിഭാഗത്തിലാണ്ഉൾപ്പെട്ടത്
.ട്ടുപ്പിട്യൂബ്തന്നെയാണ്അവിടെയുംഉപയോഗിച്ചത്
.പറവകളെചിറകടിച്ച്പറക്കുന്നത്,ദൂരെനിന്നൊരൊരാൺകുട്ടിഓടിവരുന്നത്,ആമയുംമുയലുംതമ്മി-
ലുള്ളഓട്ടപ്പന്തയംമുതലായവയുടെആനിമേഷൻഉണ്ടാക്കാൻപഠിപ്പിച്ചു.
കൂടാതെബ്ലെൻഡർഉപയോഗിക്കാനുംപഠിപ്പിച്ചു
.ദ്വിദിനക്യാമ്പിൽനമ്മളെഇതൊക്കെപഠിപ്പിച്ചമാഷിനെഇഷ്ടമായി
.ഒരുപാട്കാര്യങ്ങൾഈക്യാമ്പിലൂടെമനസ്സിലായി
.ക്യാമ്പിലൂടെഎനിക്ക്ലഭിച്ചഅറിവ്പിന്നീടുള്ളക്ലാസുകളിൽഞാൻഎന്റെസഹപാഠികൾക്ക്പറഞ്ഞുകൊടുത്തു.  പിന്നെഫോട്ടോഗ്രാഫിക്കായൊരുക്യാമ്പ്ഉണ്ടെന്ന്മാഷ്
പറഞ്ഞു.അതിനൂന്ന്പേരെതിരഞ്ഞെടുത്തു.
പിന്നീട്കൈറ്റ്സിന്റെസ്കൂൾമാഗസിൻഉണ്ടാക്കാൻതീരുമാനിച്ചു
.കൈറ്റ്സിലെഎല്ലാഅംഗങ്ങളുംതങ്ങളുടെസൃഷ്ടികൾനൽകി
ധിച്ചു
.byanath.BA

AJAYRAJ 9A




AJAYRAJ 9A


AJAY RAJ 9 A


AKSHARA CP 9B

# ചിലജീവിതയാഥാർത്ഥ്യങ്ങൾ

ഇഹലോകജീവിതത്തിൽനമുക്ക്സങ്കടങ്ങൾതന്നവരാകാംപരലോകജീവിതത്തിൽനമ്മെസന്തോഷിപ്പിക്കുക.കാലത്തിന്റെനൊമ്പരകഥയിലാകാംദൈവംനമ്മുക്ക്നൽകിയിട്ടുള്ളവേഷം
;ആവേഷംനന്നായിഅഭിനയിച്ച്തീർക്കാം
.ഒരുവട്ടംനാംഓർക്കണംഎനിക്ക്മാത്രമല്ലതിരക്ക്മറ്റുള്ളവർക്കുംതിരക്കുണ്ട്എന്ന്.'ഇലപൊഴിയുംകാല-ങ്ങൾക്കപ്പുറംമലരണിയുംകാലമുണ്ടതോർക്കണം'എന്നവരികൾഎത്ര-യോയാഥാർത്ഥ്യം
.ഇലപൊഴിഞ്ഞാൽഒരുവസന്തകാലംഉണ്ട്എന്ന്നാംഎപ്പോഴുംഓർക്കണം
.അതാണ്മനുഷ്യനെജീവിക്കാൻപ്രേരിപ്പി-ക്കുന്നത്
.വസന്തകാലത്തിനപ്പുറംഒരുവേനലുണ്ടെന്നുമോർക്കണം
.ചിലതെറ്റിദ്ധാരണകളാകാംഒരായുസ്സുമുഴുവൻനമ്മെകരഞ്ഞുതീർക്കാൻഇട-യാക്കുന്നത്
.കാലമെത്രകടന്നാലുംആമുറിവ്എന്നുംനമ്മുടെമനസ്സിൽവിങ്ങിപ്പൊട്ടലാകാം
,കാലത്തിനുംമായ്ക്കാനാവാത്തമുറിവ്
.ആരൊക്കെകൂടെയുണ്ടെങ്കിലുംഅവസാനംനാംതനിച്ചായിരിക്കും
.നമുക്ക്കൂട്ട്നമ്മുടെനിഴലും
,മനസ്സും
,ശരീരവുംമാത്രം
.സ്വന്തക്കാരുംബന്ധക്കാരുംഒരുപരിധിവരെമാത്രംനമ്മെസഹായിക്കും
.അത്അങ്ങനെയാണ്,ഒരുപ്രകൃതി
നിയമംപോലെ
.എന്തുവന്നാലുംഎല്ലാത്തിനെയുംഒറ്റയ്ക്ക്തരണംചെയ്യാൻപഠിക്കണം
,അപ്പോളാണ്ജീവിതവിജയംകൈവരിക്കുന്നത്.ബന്ധങ്ങൾ
ബന്ധനങ്ങളാവുകയുംസ്നേഹംകാപട്യത്തിലേയ്ക്കുംമോഹംആർത്തി-യിലേക്കുംവഴിമാറുമ്പോൾനാംശ്രദ്ധിക്കണം,ജാഗരൂഗരായിരിക്കണം.

ARCHANA AUGUSTY

# കനൽവഴികൾ

കാതോർക്കുവാനായികാത്തുനിൽക്കുന്നിതാ
കാണാമറയത്ത്നിന്നൊരുഅഗ്നിജ്വാല
കാണുന്നവൾഈനിമിഷങ്ങളിൽ
കാട്ടുതീയിലാണ്ടുപോയൊരുകനൽക്കരികൾ
കാടുകേറീഅവൾയാത്രയായീ
എങ്ങോഎന്നില്ലാതൊരുയാത്ര
ഭ്രമിതൻജീവിതത്തിൽ
സുഖവുംദുഃഖവുമെന്നപ്പോൽ
രാവുംപകലുംകടന്നുപോയി
അകലങ്ങളിൽനിന്ന്അകലങ്ങളിലേക്ക്
കടക്കുമ്പോൾഒരുനിറംമാത്രം
കാണുവാൻഅവൾആഗ്രഹിച്ചു,
പച്ച,
ജീവിതത്തിലേക്കുള്ളപച്ചപ്പ്.
എന്നാൽആർത്തടിച്ച്വരുന്ന
കടലിലെശക്തമായതിരമാലപോലെ
അസ്തമിക്കുന്നചുവന്നസൂര്യൻ
അവളുടെമുന്നിൽഅവൾക്കുവേണ്ടി
പ്രത്യക്ഷപ്പെട്ടതുപോലെ
ജീവിതത്തിലേക്കുള്ളഅവസാന
വാതിലായികരുതിയആപച്ചപ്പ്
ഒരുചുവന്നസൂര്യനുമുന്നിൽ
കലാശിക്കുന്നു, അങ്ങനെഅവളുടെ
വീടിന്റെഅവസാനവാതിലും
അടഞ്ഞ്കഴിഞ്ഞിരുന്നു!

Sreeranjini.K

# പൊലിഞ്ഞുപോകുന്നവാർദ്ധക്യം

കുടുംബത്തിനുംമക്കൾക്കുംവേണ്ടിജീവിതംഹോമിച്ചവരാണ്മാതാപിതാക്കൾ
.ഒടുവിൽവാർദ്ധക്യത്തിന്റെചുളിവുകൾവീഴുമ്പോൾകുടുംബങ്ങളിൽഇവർഅധികപ്പറ്റാണ്.
സ്ത്രീഅമ്മയാകുന്നു.പത്തുമാസംനമ്മെവയറ്റിൽചുമന്ന്നൊന്ത്
പ്രസവിച്ച്നമുക്കുവേണ്ടിഉറങ്ങാതെയിരുന്ന്കാൽവളരുന്നതും
,കൈവളരുന്നതുംനോക്കിതാരാട്ടുപാടിഉറക്കിയതും....തൊട്ടിലിൽകിടക്കുന്നകാലംകഴിഞ്ഞു
.നാംചെറിയചെറിയകുസൃതികൾകാണിച്ചുതുടങ്ങിയസമ-
യത്ത്നല്ലകാര്യങ്ങൾചെയ്യാൻനമ്മെഉപദേശിച്ചതുംഅമ്മയാണ്
.ദൈവത്തിനുതുല്യമാണ്മാതാപിതാക്കൾ
.അമ്മവീട്ടിനകത്ത്ഒതുങ്ങികഴിയുന്നു
.എന്നാൽഅവസാനംനമ്മൾഅവർക്ക്കൊടുക്കുന്നത്വൃദ്ധസദനത്തിലെഒരുചെറിയമുറിമാത്രം
.ആധുനികലോകത്ത്സാമൂഹികസംരക്ഷണമില്ലാതെകുടുംബങ്ങളിൽഒറ്റപ്പെട്ട്പോകുന്നവയോജന
ങ്ങൾക്കിടയിലാണ്നാംഇന്ന്ജീവിക്കുന്നത്
.ജീവിതത്തിലെപ്രശ്നങ്ങളുംപ്രാരാബ്ധങ്ങളുംവേദനിപ്പിക്കുന്നജീവിതയാഥാർഥ്യങ്ങളുംമാരകമായ
ശാരീരികമാനസികഅസ്വസ്ഥതകൾക്കുംനടുവിൽഭൂതകാലത്തിന്റെമറക്കാനാവാത്തഓർമ്മകളിൽ
ക

ണ്ണുംനട്ട്വൃദ്ധസദനങ്ങളുടെവരാന്തയിലെസിമന്റുബെഞ്ചിലിരുന്ന്സ്വപ്നങ്ങൾഅയവിറക്കുന്ന
.അവർക്കുനേരെഅലയുന്നകാഴ്ച്ചകൾഏറെയുണ്ട്
,പൊള്ളുന്നഅനുഭവങ്ങളും.കോലായയുടെഏകാന്തതയിൽചാരുകസേരയിലിരുന്ന്കി-
നാവുകളിൽജീവിതംഹോമിക്കുന്നതുംകാലംകാണുന്നകാഴ്ചയാണ്
.തലമുറകളിലേക്ക്പൈതൃകമായികിട്ടിയിരുന്നമുത്തശ്ശിക്കഥകൾഇളംതലമുറയ്ക്ക്അന്യമായിരിക്കുന്നു.
പാരമ്പര്യവുംസംസ്കാരവുംവേരുകൾമുറിക്കപ്പെടുന്ന
.ഈഇലകൾകൊഴിയുമ്പോൾനാംഅറിയുന്നില്ലഅടുത്തഇലകൾനമ്മളെന്ന്.
വൃദ്ധരായമാതാപിതാക്കളെപരിപാലിക്കാൻകഴിവുണ്ടായിട്ടുംവൃദ്ധസദനങ്ങളിൽകൊണ്ടുവിടുന്നമക്കൾ
ഓർക്കുക,രാത്രിയുംപകലുംഊണുംഉറക്കവുമില്ലാതെകാവലിരുന്നവരെനാംഇന്ന്പുറങ്കാലുകൊ-
ണ്ട്തട്ടിഅകറ്റുമ്പോൾഅടുത്തഇലകൾനമ്മളാണെന്ന്.

by

Vaishnavi9.A


FATHIMA S.A 9 B


SAJWA ZAINABA 9A


MRUDULA .P 8 D


NAVANEETH.V 9.A
NAVANEETH·V

# മുബൊരിക്കല്

SANIYA

ഓടെടുത്തുമാറ്റി
സിമെിട്ടുവാർത്ത്
വീട്പുതുക്കി.....
ജനാലകളടച്ചുവെച്ചു
ഏ്യസിവാങ്ങി
തണുപ്പുകൊു.....
പുതലങ്ങവെട്ടിമാറ്റി
ഇൻററർലോക്കിട്ടു
മണ്ണിനെമറച്ചുവെച്ചു......
മരങ്ങവെട്ടിക്കളഞ്ഞ്സ്ഥലമുക്കി
ഔട്ട്ഡോർഗാർഡനുക്കി.......
സോഷം....
സംത്പ്തി.......

# പിന്നീടൊരിക്കല്ല്

SANIYA

മഴകുറഞ്ഞു
വെയ്ലികനത്തു
ചൂട്കൂടി......
പെയ്യ്തുംപെയ്യാതെയും
മഴകളിതുടർന്നു......

ഇടക്കെപ്പോ........
അടച്ചിട്ടജനാലക
തുറന്നിടാൻതോന്നി
പുറത്തേതണുത്തകാറ്റ്
അകത്തേക്കിരമ്പിവന്നു.....
മയത്തുള്ളികകവർന്നെടുത്തു......
പിന്നെ,
മണ്ണിച്ചവിട്ടിനടന്നു......
മരത്തണലികിടന്നു.....
മഞ്ഞ്കൊു
കാറ്റേറ്റു......
മനംകുളിർത്തു........
പലതുംമാറ്റേണ്ടതെന്ന്തോന്നി
തുടക്കമിട്ടപ്പോ
മക്കപറഞ്ഞു
ഈഅച്ഛനെരു
പഴൻന്നാ.....

**********

## LOVE LITTLE PUSSY

I love little pussy

Her coat is so warm

And if i don't hurt her

She will do me no harm

I won i pull her Tail

Nor drive her away

But pussy and I

Together well play

Nandana .M

# FRIENDS THE REAL SOUL OF LIFE

Friends the valuable gift

Flowing like an endless sea

Giving happiness to all

The days seem to be short

with unforgettable events

The living feeling of

we the humans together

makes a real FRIEND.

Vijitha .T9.E

# മഹിഷാസുരന്റെ നാട്ടിലേക്കൊരു യാത്ര

പുലർച്ചെ 6 മണിയ്ക്ക് ഞങ്ങളുടെ ബസ്സ് ഒരു ലോഡ്ജിനു മുന്നിൽ നിർത്തി.അധ്യാപകരെല്ലാം ഇറങ്ങിയശേഷം ഞങ്ങളോട് ലഗ്ഗേജ് ബസ്സിൽ നിന്നും പുറത്തെടുക്കാനാവശ്യപ്പെട്ടു.എല്ലാവരും അവരവരുടെ ബാഗ് ബസ്സിൽ നിന്നും എടുത്തശേഷം ലോഡ്ജിലേക്ക് കയറി.മറ്റേതോ സ്കൂൾ അവിടെയുണ്ടായിരുന്നതിനാൽ പെൺകുട്ടികൾക്ക് കിട്ടിയത് ഡോർമെട്ടിയാണ്. ഏഴ് മണിയാകുമ്പോഴേക്കും നമുക്ക് റൂം കിട്ടുമെന്ന്
ടീച്ചർ പറഞ്ഞു. അതുകൊണ്ട് ഞങ്ങൾ കുറച്ചുപേർ പല്ല് മാത്രം വൃത്തിയാക്കി. മുറി കിട്ടുമെന്ന പ്രതീക്ഷയിൽ കുറേ നേരം അവിടെയിരുന്നു.പിന്നെ മുറി കിട്ടിയ ശേഷം ഞങ്ങൾ കുളിച്ച് റെഡിയായി. താഴെ ഡോർമെട്ടിയിലേക്കുതന്നെ തിരിച്ചുപോയി . അവിടെ നിന്നും വീണ്ടും താഴേക്ക് പോയി
-പ്രഭാതഭക്ഷണം കഴിക്കാൻ വേണ്ടി. തലേദിവസം 6 മണിയ്ക്കു മുൻപേ ഭക്ഷണം കഴിച്ചിരുന്നതുകൊണ്ട് അന്നത്തെ പൂരിയ്ക്കും ബാജിക്കും പ്രത്യേക സ്വാദായിരുന്നു.

രാവിലെ തന്നെ ഞങ്ങൾ പുറപ്പെട്ടത് ചാമുണ്ഡി ഹിൽസിലേക്കായിരുന്നു.അന്നു രാത്രി അതേ ലോഡ്ജിൽ തങ്ങേണ്ടിയിരുന്നതുകൊണ്ട് ഞങ്ങൾ ലഗ്ഗേജ് അവിടെ നിന്നും എടുത്തില്ല.ലോഡ്ജിൽ നിന്നും കുറച്ചു ദൂരം മാത്രമാണ് ചാമുണ്ഡി ഹിൽസിലേക്കുണ്ടായിരുന്നത്. അതു കൊണ്ടു തന്നെ ബസ്സിൽ ഇത്തവണ പാട്ടൊന്നും വച്ചില്ല.പകരം പ്രശാന്ത് മാഷ് മൈക്ക് കൊണ്ടുവന്നു.അതുപയോഗിച്ച് അനുവിന്ദയും പിന്നെ കുറച്ച് ആൺകുട്ടികളും പാട്ടുപാടി.ലോഡ്ജ് ഉള്ള സ്ഥലം മുഴുവൻ വീടുകളാൽ ചുറ്റപ്പെട്ടതായിരുന്നു.അതിനാൽ ആ കാഴ്ച അത്ര സുഖകരമായിരുന്നില്ല.പക്ഷെ ,ചാമുണ്ഡി ഹിൽസിലേക്കുള്ള യാത്രയിൽ കണ്ണിനെ കുളിരണിയിക്കുന്ന കാഴ്ചകളാണ് കാണാനുണ്ടായിരുന്നത്.ഒരുപാട് മലനിരകളും,

വയലുകളും,പൂന്തോട്ടങ്ങളും.വാക്കുകൾക്ക് അതീതമാണ് അവയുടെ ഭംഗി.
അങ്ങനെ പ്രകൃതിയുടെ മനോഹാരിത ആസ്വദിച്ചതിനാലാവാം ചാമുണ്ഡി
ഹിൽസിൽ എത്തിയത് ഞങ്ങൾ അറിഞ്ഞതേയില്ല.ബസ്സിൽ നിന്നും ഇറങ്ങിയശേഷം
രതീഷ് മാഷ് ഞങ്ങളോട് പറഞ്ഞു “10 മണിമുതൽ
10.30 വരെ നിങ്ങൾക്ക് എന്തുവേണമെങ്കിലും വാങ്ങിക്കുകയോ മറ്റോ
ചെയ്യാം.എന്നാൽ 10 മണിവരെ അവിടെ മൊത്തം ചുറ്റിക്കാണണം.”
മാഷ് പറഞ്ഞതനുസരിച്ച് ഞങ്ങൾ അവിടെയുള്ള അമ്പലത്തെ ലക്ഷ്യമാ-
ക്കി നടന്നു.അപ്പോഴാണ് ഒരു ചേട്ടൻ ഗ്രൂപ്പ് ഫോട്ടോ എടുക്കാമെന്നും പറഞ്ഞ്
വന്നത്.ഫോട്ടോ എടുത്ത് 50 രൂപയ്ക്ക് ആ ഫോട്ടോ തരും.അതു-
കൊണ്ട് 'ചെമ്മനാടിന്റെ പൊന്നോമനകളും'അധ്യാപകരും ചേർന്ന് ഒരു
ഗ്രൂപ്പ് ഫോട്ടോ എടുത്തു.അതിനുശേഷം അവിടെ മൊത്തം ചുറ്റി നടന്നു ക-
ണ്ടു.അമ്പലത്തിൽ തിരക്കുള്ളതിനാൽ പുറത്തുനിന്നും തൊഴാൻ മാത്രമേ
സാധിച്ചുള്ളൂ.ആ സമയത്താണ് പ്രതീഷ് മാഷ് ഒരുഗ്രൻ ഡയലോഗ് പറ-
ഞ്ഞത്-“എല്ലാരും നല്ലോണം പ്രാർഥിച്ചോ, എല്ലാവർക്കും ഫുൾ A+
കിട്ടണേന്ന്”.മാഷിന്റെ ആഗ്രഹപ്രകാരം ഞങ്ങൾ എല്ലാവരും കുറേ
ഫോട്ടോകൾ എടുത്തു.ആ സ്ഥലം മുഴുവൻ കുരങ്ങുകൾ ഉള്ളതായിരുന്നു.
എവിടെ നോക്കിയാലും, നമ്മൾക്ക് കണ്ണാടി നോക്കുന്നതു പോലെ തന്നെ
തോന്നി.അങ്ങനെ 10 മണി ആകുമ്പോഴേക്കും സാധനങ്ങൾ വാങ്ങാനുള്ള
ഒരുക്കത്തിലായിരുന്നു ഏവരും.സത്യത്തിൽ വിനോദയാത്ര വന്നതിന്റെ
പ്രധാന ഉദ്ദേശം , കാണാത്ത സ്ഥലങ്ങൾ കാണുക എന്നതിനുപകരം അവിടെ നിന്നും
സാധനങ്ങൾ വാങ്ങുകയാണല്ലോ.ഞാനും മേഘയും ഗോപികയും അനുവിന്ദയും ഒരു
ഭാഗത്തേക്ക് പോയി.അവിടെ നിന്നും
വീട്ടുകാർക്കും കൂട്ടുകാർക്കും ഒപ്പം ഞങ്ങൾക്കും ചെറിയ ചെറിയ സാധന-
ങ്ങൾ വാങ്ങി. അൽപ്പം കഴിഞ്ഞ് ഞങ്ങൾ ബസ്സിനു സമീപം പോകാ-

നൊരുങ്ങുമ്പോഴാണ് അധ്യാപകരെ കാണുന്നത്.അതുകൊണ്ട് അവിടെ നിന്നും കുറച്ച്'പൊരി'മാധവൻ മാഷിന്റെ വക ഞങ്ങൾ വാങ്ങിച്ചു.11 മണിയാകുമ്പോൾ നമ്മൾ ബസ്സിൽ കയറി. അടുത്ത സ്ഥലം മൃഗശാലയായിരുന്നു.സ്വന്തം കൂട്ടുകാരെ കാണാനുള്ള ആകാംഷയിലായിരുന്നു ഞങ്ങൾ.വളരെ പെട്ടെന്നു തന്നെ അവിടെ എത്തി.അവിടെ എത്തും മുൻപു തന്നെ മൃഗശാലയുടെ മുന്നിലൂടെ ബസ്സ് പോയപ്പോൾ ജിറാഫിനെ കണ്ടിരുന്നു.ഹൊ!എന്താ ഒരു പൊക്കം!മൃഗശാലയ്ക്കു മുന്നിൽ റോഡിന്റെ ഒരു വശത്ത് ബസ്സ് നിർത്തി.അധ്യാപകരുടെ സഹായത്തോടെ റോഡു മുറിച്ചു കടന്നു.അപ്പോഴാണ് വെണ്ടയ്ക്കാക്ഷരത്തിൽ മൃഗശാലയുടെ പേരെഴുതിയത് ശ്രദ്ധിച്ചത്-"ശ്രീ ചാമരാജേന്ദ്ര സുവോളജിക്കൽ ഗാർഡൻസ്".എല്ലാവരും അകത്ത് കടന്നു.1.30 ആകുമ്പോൾ എല്ലാവരും തിരിച്ച് ഗേറ്റിന്റെ സമീപം വരണമെന്ന് അധ്യാപകർ നിർദ്ദേശിച്ചു.വ്യത്യസ്ത തരം ജീവിവർഗങ്ങളെ കാണാനുള്ള ആകാംഷയോടെ ഞാനും അനുവിന്ദയും ഗോപികയും മേഘയും അകത്തുചെന്നു.മൃഗശാലയിൽ പ്രവേശിക്കുന്നതിനു മുൻപ് ബാഗ് പരിശോധനയുണ്ടായിരുന്നു.ഗോപികയുടെ ബാഗിൽ ഓറഞ്ച് ഉണ്ടായിരുന്നതുകൊണ്ട് അത് അകത്താക്കും വരെ, ഞങ്ങൾ പുറത്തു നിന്നു.അപ്പോഴേക്കും അവിടെ നിന്നും അധികം കുട്ടികളും പോയിരുന്നു.

അവസാനം ഉണ്ടായിരുന്നത് രതീഷ് മാഷായിരുന്നു.അതുകൊണ്ട് മാഷ് ഞങ്ങളോടൊപ്പം വന്നു.ആദ്യം തന്നെ ഞങ്ങളെ അകത്തേക്ക് വരവേറ്റത് ഇന്ത്യൻ വേഴാമ്പലായിരുന്നു.ഹൊ!അതിന്റെ കൊക്കിന്റെ വലുപ്പം കാണേണ്ടതുതന്നെയാണ്.വലിയ കൂട്ടിനകത്ത് പക്ഷികൾ അങ്ങോട്ടുമിങ്ങോട്ടും പറന്നു കളിച്ചുകൊണ്ടിരുന്നു.ചെറുതും വലുതുമായ ഒട്ടനവധി പക്ഷികൾ.പക്ഷികളെ നിരീക്ഷിക്കുന്നതിനേക്കാൾ തിരക്ക് അവയുടെ ചിത്രം മൊബൈലിൽ പകർത്തുന്നതിലായിരുന്നു.ആ സമയമാണ് മാഷ് ഞങ്ങളെ

യാത്രാനുഭവം എഴുതേണ്ടതിനെക്കുറിച്ച് ഓർമ്മിപ്പിച്ചത്.അ-
പ്പോൾ മുതൽ കൈയിലുണ്ടായിരുന്ന പുസ്തകത്തിൽ ,കാണുന്ന പക്ഷികളു-
ടെ മൊത്തം പേരും കുറിച്ചിടാൻ തുടങ്ങി.വെള്ള നിറത്തിലുള്ള മയിൽ,
മൂങ്ങ,തത്ത,കൊക്ക് തുടങ്ങി കുറേയേറെ പക്ഷികളെ കണ്ടു.ആ കാഴ്ചയി-
ൽ ഞാനേറെ സന്തോഷിച്ചത് 'ഫ്ലമിംഗോ'എന്ന പക്ഷിയെ കണ്ടപ്പോഴാ-
ണ്.അതിന്റെ പ്രത്യേകതകളെ കുറിച്ച് എനിക്ക് മുൻപേ അറിവുണ്ടായിരു-
ന്നു.അതുകൊണ്ടു തന്നെ അതിനെ കാണാൻ ഞാൻ ഒത്തിരി ആഗ്രഹി-
ച്ചിരുന്നു.ഈ യാത്രയിലൂടെ എനിക്കതിനു സാധിച്ചു.പക്ഷികളുടെ ചിറക-
ടിയൊച്ചകളും മാധുര്യമുള്ള ശബ്ദങ്ങളും അവയുടെ, വാക്കുകൾക്കതീതമായ
ഭംഗിയും ആസ്വദിച്ചതിനുശേഷം ,ആദ്യം തന്നെ മൃഗങ്ങളിൽ ഞങ്ങളെ വരവേറ്റത്
പുള്ളിപ്പുലിയായിരുന്നു.കണ്ടാൽ പേടി തോന്നിക്കുന്ന ഒരു രീതിയിലായിരുന്നു അതിന്റെ
നിൽപ്പ്.പിന്നെ സിംഹം,വെള്ളക്കടുവ,സീ-
ബ്ര,ബംഗാൾ കടുവ,കാണ്ടാമൃഗം,ബൈസൺ,കാട്ടുപോത്ത്,വിവിധതരം
മാനുകളും കുരങ്ങുകളും.... ഇങ്ങനെ ഒരു നീണ്ട നിരയെത്തന്നെ ഞങ്ങൾ
കണ്ടു.അപ്പോഴേക്കും സമയം കുറേ വൈകിയിരുന്നു.മാഷ് ഞങ്ങളോടൊ-
പ്പം ഉണ്ടായിരുന്നതിനാൽ അത്ര ടെൻഷനടിച്ചില്ല.മൃഗങ്ങളെ കണ്ട് കഴി-
ഞ്ഞപ്പോഴാണ് വിവിധയിനം പാമ്പുകളെ കാണാൻ വേണ്ടിയുള്ള ബോർ-
ഡ് ഞങ്ങൾ കണ്ടത്.സമയം വൈകിയിരുന്നെങ്കിലും അനുവിന്ദയുടെ ആ-
ഗ്രഹ പ്രകാരം ഞങ്ങൾ അങ്ങോട്ടു ചെന്നു.പച്ചോലപ്പാമ്പുമുതൽ അനാ-
ക്കൊണ്ട വരെ അവിടെ ഉണ്ടായിരുന്നു.നല്ല തണുത്ത അന്തരീക്ഷമായിരു-
ന്നു മൃഗശാലയിലുണ്ടായിരുന്നത്.മരങ്ങളാൽ ചുറ്റപ്പെട്ട 'അടിപൊളി'സ്ഥ-
ലം.അവിടെ നിന്നും ഒരുപാട് ഫോട്ടോസ് മാഷിന്റെ കൂടെ ഞങ്ങളെടുത്തു.
ഗേറ്റിനു സമീപം എത്താറാകുമ്പോഴേക്കും മറ്റു വിദ്യാർഥികളെല്ലാം അവി-
ടെയുണ്ടായിരുന്നു.മൃഗശാല മൊത്തം ആസ്വദിച്ച് കണ്ടത് ഞങ്ങൾ മാത്ര-

മാണെന്ന് അപ്പോൾ ഞങ്ങൾക്ക് മനസിലായി.ഏകദേശം 157 ഏക്കർ വരുന്ന മൃഗശാലയിലൂടെ 4 കി.മീ നടന്ന് ക്ഷീണിച്ച ഞങ്ങൾ ഒന്ന് തണു-പ്പിക്കാൻ വേണ്ടി ഐസ് വാങ്ങിക്കഴിച്ചു.1320-ഓളം മൃഗങ്ങളടങ്ങുന്ന ആ മൃഗശാലയിൽ അവസാനം ഞങ്ങൾ കണ്ടത് ജിറാഫുകളെ ആയിരുന്നു. നീണ്ട കഴുത്തും,നീണ്ട കാലുകളും,നീണ്ട നാക്കുമുള്ള അതിന്റെ ആകാരം ഞങ്ങളെ അതിശയിപ്പിച്ചു.അവിടെ നിന്നും ഞങ്ങൾ ലോഡ്ജിലേക്ക് പോയി.ഉച്ചഭക്ഷണം അവിടെനിന്നുമായിരുന്നു.കാബേജ്,സാമ്പാർ,അച്ചാർ,പപ്പടം തുടങ്ങി തരക്കേടില്ലാത്ത ഭക്ഷണമായിരുന്നു ഉണ്ടായിരുന്നത്. ഭക്ഷണം കഴിച്ചതിനുശേഷം അടുത്ത സ്ഥലം മൈസൂരു ഭരിച്ചിരുന്ന വാ-ഡിയാർ രാജവംശത്തിന്റെ ഔദ്യോഗിക വസതിയായിരുന്ന, മൈസൂർ കൊട്ടാരത്തിലേക്കായിരുന്നു.ചരിത്രമുറങ്ങുന്ന മണ്ണിലേക്കുള്ള എന്റെ ആദ്യയാത്രയായിരുന്നു അത്.കൂട്ടുകാരെല്ലാം ഇതിനുമുമ്പ് അവിടം സന്ദർ-ശിച്ചിരുന്നു.അതിനാൽ തന്നെ കൊട്ടാരം കാണാൻ ഞാനൊരുപാട് ആഗ്രഹിച്ചിരുന്നു.അധികം വൈകാതെ തന്നെ ഞങ്ങൾ അവിടെ എത്തി. ഞങ്ങളുടെ വരവിൽ സന്തോഷിച്ചതിനാലാവണം,ആകാശത്തിന്റെ മുത്തം പോലെ ചെറു ജലകണങ്ങൾ ഞങ്ങളെ ചുംബിച്ചു.കുളിർത്ത തെന്നൽ ഞ- ങ്ങളെ തലോടി.ചിത്രത്തിൽ കാണുന്നതിനേക്കാൾ നല്ല ഭംഗിയാണ് കൊട്ടാരത്തിനെന്നെനിക്ക് തോന്നി.എല്ലാവരും അകത്തു കടന്നു.ചുവരി-ലും മറ്റും ഒട്ടനവധി ഛായാചിത്രങ്ങളുണ്ടായിരുന്നു.എല്ലാം ഞങ്ങൾ വീക്ഷിച്ചു.എ.സി യെ വെല്ലുന്ന തണുപ്പുണ്ടായിരുന്നു കൊട്ടാരത്തിനകത്ത്.പീര-ങ്കികളും,രാജാക്കന്മാരുടെ ഇരിപ്പിടങ്ങളും,വാളുകളും ഒപ്പം വായിക്കാൻ പറ്റാത്ത ലിപിയിൽ എഴുതിയ കുറേ രേഖകളും.കൊട്ടാരത്തിൽ നല്ല തിര-ക്കുണ്ടായിരുന്നതിനാൽ ഞങ്ങൾ ആറുപേർ, മറ്റുള്ള വിദ്യാർഥികളിൽ നിന്നും ഒറ്റപ്പെട്ടു.ഏറ്റവും ഭംഗിയുള്ള കാഴ്ചകൾ കൊട്ടാരത്തിന്റെ രണ്ടാം

നിലയിൽ നിന്നുള്ളതായിരുന്നു.അവിടെ നിന്ന് നോക്കുമ്പോൾ കൊട്ടാര സമുച്ചയത്തിനകത്ത് സ്ഥിതി ചെയ്യുന്ന ശ്വേതവരാഹ സ്വാമി ക്ഷേത്രവും, ഒപ്പം പൂന്തോട്ടങ്ങളും കാണാൻ സാധിച്ചു.എല്ലാ കാഴ്ചകളും ആസ്വദിച്ചു നടക്കുന്നതിനിടയിലാണ് സമയം ഞങ്ങൾ ശ്രദ്ധിച്ചത്.സമയം അൽപ്പം വൈകിയിരുന്നു.അതുകൊണ്ട് ഞങ്ങൾ രതീഷ് മാഷിനെ വിളിച്ചു.കുറച്ച് വേഗം വരാൻ മാഷ് നിർദ്ദേശിച്ചു.അതുകൊണ്ട് ഞങ്ങൾ വേഗം നടന്നു. അപ്പോൾ ഒരാൾ ഞങ്ങളോട് ഒരു വഴി ചൂണ്ടിക്കാട്ടി പറഞ്ഞു,"നിങ്ങൾ അന്വേഷിക്കുന്നവർ ഇങ്ങോട്ടു പോയിട്ടുണ്ട്".അതൊന്നും കേൾക്കാതെ അവരുടെ സംസാരത്തിലെ പന്തികേട് ഭയന്ന് ഞങ്ങൾ ഓടി.ഒടുവിൽ ആ വലിയ സ്ഥലത്തു നിന്നും ഞങ്ങൾ എല്ലാവരേയും കണ്ടെത്തി.എല്ലാവരും ഞങ്ങളേയും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.മാഷിനെ വിളിച്ച് പറഞ്ഞതുകൊണ്ട് പ്രശ്നമൊന്നുമുണ്ടായിരുന്നില്ല.അപ്പോഴും ശ്വാസം നേരെ വീണത്.പിന്നെ എല്ലാവരും ബസ്സിൽ കയറി.പ്രകൃതിയുടെ മടിത്തട്ടായ,കളിത്തൊട്ടിലായ ബൃന്ദാവൻ ഗാർഡനിലേക്കായിരുന്നു അടുത്ത യാത്ര.കുറച്ച് സമയത്തിനു ശേഷം ഞങ്ങൾ അവിടെ എത്തി.എന്നാൽ ചെറിയ തോതിലുള്ള മഴ കാരണം ബസ്സിൽ നിന്നും പുറത്തിറങ്ങിയില്ല.മഴയുടെ തോത് ശമിച്ചപ്പോൾ എല്ലാവരും പുറത്തിറങ്ങി.ആദ്യം തന്നെ കണ്ട കാഴ്ച മനസ്സിനേയും കണ്ണിനേയും കുളിരണിയിപ്പിച്ചു.കൃഷ്ണരാജസാഗർ ഡാമായിരുന്നു ആ അനുഭൂതി പകർന്നു നൽകിയത്.ഡാമിന്റെ തൊട്ടുതാഴെയാണ് ബൃന്ദാവൻ ഗാർഡൻ.പൂന്തോട്ടം മൊത്തം ചുറ്റിക്കാണുന്നതിനു മുമ്പ് എല്ലാവരോടും കൃത്യം 6.30-ന് പുറത്തെത്തിച്ചേരണമെന്ന് അധ്യാപകർ നിർദ്ദേശിച്ചു.ഓരോ തട്ടിലും വിവിധ നിറത്തിലും വലുപ്പത്തിലുമുള്ള ഭംഗിയുള്ള പൂക്കൾ.ഹൊ! കണ്ണെടുക്കാൻ തോന്നിയില്ല.മനുഷ്യ നിർമ്മിത വെള്ളച്ചാട്ടങ്ങളും അവിടെയുണ്ടായിരുന്നു.പൂക്കളെ ശ്രദ്ധിച്ചെങ്കിലും കൂടുതൽ തിരക്കം

ഞങ്ങൾക്ക് ഫോട്ടോ എടുക്കുന്നതിലായിരുന്നു.രതീഷ് മാഷിന്റെ കൂടെയും ജയലക്ഷ്മി ടീച്ചറുടെ കൂടെയും പ്രസന്ന ടീച്ചറിന്റെ കൂടെയും, ഞങ്ങൾ ഫോട്ടോ എടുത്തു.നല്ല തണുത്ത കാലാവസ്ഥയായിരുന്നു അവിടത്തേത്.

അൽപ്പം ഇരുട്ടാറായപ്പോൾ ഞങ്ങളെല്ലാം അധ്യാപകരുടെ സമീപം ചെന്നു.അവിടെ നിന്നും പിന്നെ ഞങ്ങൾ പോയത് ലേസർ ഷോ കാണാൻ വേണ്ടിയായിരുന്നു.ബൃന്ദാവനിലെ ഏറ്റവും മനോഹരമായ കാഴ്ച്ച ലേസർ ഷോ ആണെന്നൊക്കെയാണ് അധ്യാപകർ പറഞ്ഞത്.അതിനാൽതന്നെ വലിയ ഉത്സാഹത്തോടെ,ലേസർ ഷോ കാണാൻ വേണ്ടി വലിയൊരു പാലം കടന്ന് ഞങ്ങൾ പോയി.നമ്മൾ പോകുമ്പോഴേക്കും ഒരു ഷോ കഴി

ഞ്ഞിരുന്നു.അതിനാൽ രണ്ടാമത്തെ ഷോ കാണാൻ വേണ്ടി ഞങ്ങൾ കാത്തിരുന്നു.അപ്പോഴേക്കും ഇരിക്കാൻ വേണ്ടി ഞങ്ങൾക്ക് സ്ഥലം കിട്ടി.

ലേസർ ഷോ ആരംഭിച്ചു.വെള്ളം വ്യത്യസ്ത നിറങ്ങളിൽ ഡാൻസുചെയ്യുന്ന പ്രതീതി മാത്രമാണുണ്ടായിരുന്നത്.വേറെ പ്രത്യേകതയൊന്നും ഞങ്ങൾക്ക് തോന്നിയില്ല.കുറച്ച് നേരം അതിന്റെ വീഡിയോ എടുത്തെങ്കിലും അതും മടുത്തു.വേഗം അത് അവസാനിക്കണമേ എന്നാഗ്രഹിച്ചുപോയി.

ലേസർ ഷോ കഴിഞ്ഞ് ഞങ്ങൾ തിരിച്ച് ലോഡ്ജിലേക്കു വന്നു.അങ്ങനെ വിനോദയാത്രയുടെ ഒന്നാം ദിവസത്തെ സഞ്ചാരം അവസാനിച്ചു.നേരം വൈകിയിരുന്നതിനാൽ ആദ്യം തന്നെ ഞങ്ങളെല്ലാവരും ഭക്ഷണം കഴിച്ചു.പിന്നീട് രാവിലെ ബാഗ് വെച്ചിരുന്ന മുറിയിൽ നിന്നും ബാഗെടുത്തു.

ഒരു മുറിയിൽ അഞ്ചു പേർ എന്ന കണക്കനുസരിച്ച് മുറി തിരഞ്ഞെടുക്കാൻ അധ്യാപകർ നിർദ്ദേശിച്ചു.ആദ്യത്തെ മുറിയിൽ തന്നെ ഞാനും മേഘയും ഹരിയും അനുവിന്ദയും ഗോപികയും കയറി.റൂം നമ്പർ 101.ബാക്കിയുള്ള മുറികളെ അപേക്ഷിച്ച് ഞങ്ങളുടെ മുറിക്കൊരു പ്രത്യകതയുണ്ടായിരുന്നു.

അവിടെ ബാൽക്കണിയുണ്ടായിരുന്നു.അവിടെ നിന്നും താഴേക്കും സമീപ-

സ്ഥലങ്ങളിലേക്കും നോക്കാൻ നല്ല ഭംഗിയുണ്ടായിരുന്നു.ബാഗിൽ എല്ലാ
സാധനങ്ങളും പെറുക്കി നേരെ വച്ചു.പിന്നെ ഓരോരുത്തരും 'കുളി'എന്ന
വലിയ ഉദ്യമത്തിലേക്കു കടന്നു.ക്ഷീണം കാരണം ഞാൻ ആദ്യം കുളിച്ചി-
റങ്ങി.അങ്ങനെ ഓരോരുത്തരും കുളിച്ചിറങ്ങി.കുളിയുടെ കാര്യത്തിൽ
ഏറ്റവും മടി ഹരിതയ്ക്കായിരുന്നു.'ഞാൻ കുളിക്കണോ?'എന്നായിരുന്നു അ-
വളുടെ ചോദ്യം.പിന്നെ എങ്ങനെയൊക്കെയോ നിർബന്ധിച്ച് കുളിക്കാൻ
സമ്മതിപ്പിച്ചു.കുളിയ്ക്കുശേഷം എല്ലാവരും, യാത്ര ചെയ്യുമ്പോൾ കഴിക്കാൻ
കൊണ്ടുവന്ന പലഹാരമെല്ലാം കഴിച്ചു.കിടക്കയിൽ 4 ആളുകൾക്ക് മാത്ര-മേ കിടക്കാൻ
സാധിക്കു.അതുകൊണ്ട് രതീഷ് മാഷ് ഓരോ മുറിയിലേ-
ക്കും ഓരോ കിടക്ക വീതം നൽകി.നാളെ 6.30 ആകുമ്പോഴേക്കും റെഡി-
യാകണമെന്ന് പറഞ്ഞ് മാഷ് പോയി.അങ്ങനെ വാതിൽ ഭദ്രമായി പൂട്ടി
ഞങ്ങൾ മുറിക്കകത്തിരുന്നു.ലഗ്ഗേജ് മൊത്തം ഷെൽഫിൽ വച്ച് ഞങ്ങ-
ളോരോരുത്തരും മൊബൈൽ ഫോണും എടുത്ത് മുറിയുടെ ഓരോ ഭാഗ-
ത്തും ചെന്നിരുന്നു.ഗോപികയുടെ മൊബൈലിൽ നെറ്റുണ്ടായിരുന്നു.ഞാ-
നും മേഘയും അനുവിന്ദയും അത് ഉപയോഗിച്ചു.ഹരിതയുടെ കൈവശം നല്ല ഫോണില്ല
എന്ന് പരാതിയും, പറഞ്ഞ് മാഷ് തന്നെ കൊണ്ട് വന്ന്
തന്ന കിടക്കയിൽ അവൾ കിടന്നു.ഞങ്ങളാണെങ്കിൽ പരസ്പരം ഫോട്ടോ
മൊത്തം ഷെയർ ചെയ്തും ഒരു മുറിക്കകത്തു നിന്നു തന്നെ ചാറ്റ് ചെയ്തും, കളിച്ചു.രതീഷ്
മാഷ് പറഞ്ഞതുപ്രകാരം അന്ന് രാത്രി ഞങ്ങൾ ഉറങ്ങരു-
തെന്നു തന്നെ തീരുമാനിച്ചു.അതുകൊണ്ട് കുറെ പുളു പറഞ്ഞ് സമയം കളഞ്ഞു.
വീട്ടുവിശേഷവും കുറ്റവും കുറവും പറയുക-ഇതൊക്കെ തന്നെ.
പെൺകുട്ടികളല്ലെ, ഇതൊന്നും പറഞ്ഞില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.ഏക-
ദേശം 11.40 ആയിക്കാണും......ഞങ്ങൾ 4 പേരേയും നടുക്കിയ ആ
ശബ്ദം 'ക്ർ ർ....ക്ർർ....ക്ർർ....'തികച്ചും ഭീകരവും ഭയാനകവുമായ ആ ശബ്ദം

കേട്ട്, മേഘയും ഗോപികയും നിലത്തിരുന്ന സ്ഥലത്തു നിന്നും
കട്ടിലിലേക്ക് ചാടിക്കയറി.ആ ശബ്ദം ആവർത്തിച്ചുകൊണ്ടിരുന്നു.ഞങ്ങ-
ളെല്ലാം നാലുപാടും തിരഞ്ഞു.ആരാണാ ഭീകര ശബ്ദത്തിന്റെ ഉടമയെന്ന-
റിയാൻ.ഇല്ല-ഒരു വശത്തും നിന്നല്ല ശബ്ദം.പകരം,താഴെ നിലത്തു കിട-
ന്നിരുന്ന ഹരിതയായിരുന്നു ആ ശബ്ദത്തിന്റെ ഉടമസ്ഥ.ശബ്ദം മാത്രമല്ല
കൈകൊണ്ടും കാൽകൊണ്ടും ഒരുപാട് ആംഗ്യവും അവൾ കാണിക്കുന്നു-
ണ്ടായിരുന്നു.അതും അവളുടെ കുറേ ഉറക്കപ്പിച്ചും കണ്ട് കുറേ നേരം ഞങ്ങൾ
ചിരിച്ചു.അങ്ങനെയുള്ള ചില ഫോട്ടോയും വീഡിയോയും എടു-
ക്കാനും മന്നില്ല.ഉറങ്ങരുത് എന്ന് തീരുമാനിച്ചുവച്ച ഞങ്ങൾ ഭീകര ശബ്ദം കേട്ട്
ഭയന്നു.മാത്രമല്ല പുറത്ത് നിന്നുള്ള കാലൊച്ചകളും ചെറിയ ചെറിയ
അനക്കങ്ങളും ഞങ്ങളെ പേടിപ്പെടുത്തി.അങ്ങനെ ഞങ്ങൾ ഉറങ്ങാൻ
തീരുമാനിച്ചു.ഉറങ്ങുന്നതിനു മുമ്പ് ഒരു തീരുമാനം എടുത്തു “4.30 ന് അനു- വിന്ദയുടെ
ഫോണിൽ അലറാം വയ്ക്കും.6 മണിയാകുമ്പോഴേക്കും എല്ലാവ-
രും കുളിച്ച് റെഡിയാകും.6 മണിമുതൽ 6.30 വരെ ബസ്സിൽ കളിക്കാൻ വേണ്ടി നല്ല
സ്റ്റെപ്പുള്ള ഡാൻസു പഠിക്കും.”ഇതായിരുന്നു ആ വലിയ തീ-
രുമാനം.കിടക്കുമ്പോൾ പ്രേതത്തിന്റെ കഥയും പറഞ്ഞ് തുടങ്ങി.അപ്പോഴാണ്
അനുവിന്ദ 'തന്മാത്ര'എന്ന മോഹൻലാൽ ചിത്രത്തിന്റെ കഥ ആ-
രംഭിക്കുന്നത്.അവൾ കഥ പറയുന്നത് കേട്ട മേഘയും ഗോപികയും ഉറങ്ങി.കഥ
പൂർത്തിയായ ശേഷം ഞാനും അനുവിന്ദയും സമയം നോക്കി1.21 am.ഗുഡ്
മോണിംഗും പറഞ്ഞ് രാവിലെ 4.30 ന് എഴുന്നേൽക്കാമെ-
ന്നു പറഞ്ഞു ഞാൻ കിടന്നു.രാവിലെ 4.30 ന് 'അലറാം മുട്ടി'എന്ന് അനുവിന്ദ
പറഞ്ഞു.ഗോപിക എഴുന്നേറ്റ് മൊബൈൽ ചാർജിനു വച്ച് വീണ്ടും കിടന്നു. by
Anjali.V

## കറുപ്പ്

പച്ചയുടെ മകൾക്ക് നരരൂപമായിരുന്നു,
കൂടപ്പിറപ്പുകളുടെ ജീവിതവും.
ബാല്യം കെട്ടിപ്പുണരുമ്പോൾ കാറ്റായിരുന്നു
അലസമായൊഴുകിയിരുന്നു.
ഒരുപക്ഷേ തന്നെക്കുറിച്ചോർക്കാതെ തന്നെ
അവൾ പറന്നിരുന്നു.
കൗമാരം അവളെ സ്വീകരിച്ചപ്പോൾ,ബാല്യം
പച്ചയുടെ കരുതൽ കൈമാറിയിരുന്നു.
എങ്കിലും ഹിമകണമായി മാറിയിരുന്നവൾ-
പച്ചയുടെ മകൾ.
ഏതോ ഒരു മാത്രയിൽ വെയിൽ തട്ടിയപ്പോൾ
അവളുരുകിയിരുന്നു.
ആ കറുത്ത കണ്ണുകളിലെ നോട്ടം അവൾക്കു
മേൽ പതിക്കും വരെ,
ബലിഷ്ഠമായ ഇരു കരങ്ങളും അവളെ
നുകരാൻ തുടങ്ങും വരെ,
അവൾ മഞ്ഞായിരുന്നു.......
വെയിൽനാളമവളെ ഉരുക്കിക്കളഞ്ഞു
എങ്കിലും അവൾ തുഷാരമായി
ആ പുൽത്തുമ്പ് അവളെ മുറുകെപ്പിടിച്ചിരുന്നു,
നെഞ്ചോടു ചേർത്തിരുന്നു.
പിരിയരുതെന്ന നൊമ്പരം നാഡികളിലൂടൊഴുകവെ
പുൽക്കൊടി വിതുമ്പി,
അവളൊടുങ്ങി
സത്യമാം ചുടലയിൽ - ഒരു കണ്ണുനീർത്തുള്ളിയായ്......

Archana das.A9.B

# പൂവിനോട്

നിൻ ചുണ്ടിൽ നിന്നും
തേൻ കുടിക്കും കരിവണ്ടായി
മൂളി പറന്നോട്ടെ ഞാൻ
നിൻ ഇതളിക്കും
മഞ്ഞിൻ തുള്ളികൾ ഒപ്പിയെടുത്തോട്ടെ
കുഞ്ഞിക്കാറ്റിൻ തലോടലേറ്റ്
ഉറങ്ങുകയാണോ നീ
ചേലുള്ളൊരു നിറവും
അഴകാറ് ഒരു മണവുമിരിക്കും
നിന്നെ ഇറുത്തെടുത്തോട്ടെ

Sangeetha.L8.e

# സ്നേഹത്തിന്റെ ഓർമ്മകൾ

നിറയെ പക്ഷികളും മൃഗങ്ങളും മരങ്ങളുമുള്ള ഒരു വലിയ കാട്.എല്ലാ കാട്ടുകളിലും ഉണ്ടാവും അച്ഛനും അമ്മയും മക്കളുമായി ജീവിക്കുന്ന പക്ഷികളും മൃഗങ്ങളും.അതിൽ നിന്ന് ആർക്കെങ്കിലും അപകടം സംഭവിച്ചാൽ ആ കുടുംബം തന്നെ തളർന്നു പോവും.ഇങ്ങനെയുള്ള ഒരു കഥയാണിത്.

ഇതുപോലെയൊരു വലിയ കാട്ടുകളിൽ കഴിയുന്ന രണ്ട് വേഴാമ്പലുകൾ.സന്തോഷത്തോടെ അവർ മരത്തിന്മേലാണ് കഴിഞ്ഞി- രുന്നത്.കാട്ടിൽ നിന്നും പഴങ്ങൾ പറിച്ചും ആകാശത്തിലൂടെ പറന്നും അവർ ജീവിച്ചു.പെട്ടന്ന്,ഒരു ദിവസം ഇവർക്കുണ്ടായ സന്തോഷത്തേ- ക്കാൾ ഇവർക്ക് അധികം സന്തോഷം പകരാൻ രണ്ട് കുഞ്ഞ് വേഴാമ്പ- ലുകൾ ഇവർ പിറന്നു.ഏറെ സന്തോഷമായിരുന്നു അച്ഛനും അമ്മയ്ക്കും.കു- ഞ്ഞുങ്ങൾ ഉണ്ടായതുകൊണ്ട് അമ്മ വേഴാമ്പലിന് പറക്കാൻ കഴിയില്ല അതിനാൽ അച്ഛൻ വേഴാമ്പലായിരുന്നു ദിവസവും പഴങ്ങൾ എത്തിച്ചുകൊടുക്കാറ്.ഇങ്ങനെയിരിക്കെ പെട്ടെന്നായിരുന്നു ആ സംഭവം നടന്നത്.അത് ഈ കുടുംബത്തിന്റെ സന്തോഷമാകെ ഇല്ലാതാക്കി.

എല്ലാ ദിവസവും ആഹാരം കൊണ്ടുവരുന്ന അച്ഛൻ വേഴാ- മ്പൽ ഒരു വാഹനം ഇടിച്ച് മരിച്ചുപോയി.അച്ഛനെ കാത്തുനിന്ന അമ്മ വേഴാമ്പലും കുഞ്ഞ് വേഴാമ്പലുകളും അച്ഛനെ കാണാതെ നിരാശരായി.

അച്ഛൻ വേഴാമ്പലിന്റെ അപകടം നടന്ന സ്ഥലത്ത് അച്ഛൻ വേഴാമ്പൽ മരിച്ചു കിടക്കുന്നത് രണ്ട് മനുഷ്യരുടെ ശ്രദ്ധയിൽപ്പെട്ടു.അവർ ആ അച്ഛൻ വേഴാമ്പലിന്റെ അവസ്ഥ കണ്ട് ആകെ വിഷമത്തിലായി.

ഈ രണ്ട് മനുഷ്യർ ദിവസവും പഴങ്ങൾ ശേഖരിച്ച് കൂടിനക- ത്തുള്ള അമ്മ വേഴാമ്പലിനും മക്കൾക്കും കൊടുക്കുമായിരുന്നു.ഇവരുടെ ഈ സഹായം കാരണമാണ് ഈ പക്ഷികൾ ജീവിക്കുന്നത്.

ഈ രണ്ട് മനുഷ്യർക്ക് പക്ഷികളോടും മൃഗങ്ങളോടുമുള്ള സ്നേഹമാണ് ഇതിലൂടെ മനസിലാക്കാൻ സാധിക്കുന്നത്.


Sreejisha .S

# അനുഭവക്കുറിപ്പ്

Malavika

2018 ഡിസംബർ 27,28 തീയതികളിൽ നടന്ന ലിറ്റിൽ കൈ- റ്റ്സ് ക്യാമ്പിൽ ഞാൻ പങ്കെടുത്തിരുന്നു.അതിന്റെ ഒരു അനുഭവക്കുറിപ്പാ- ണ് ഇത്.എനിക്ക് ആദ്യം പോവാൻ താത്പര്യം ഉണ്ടായിരുന്നില്ലെങ്കിലും പിന്നെ എനിക്ക് സന്തോഷമായിരുന്നു.ഈ ക്യാമ്പിൽ നമ്മൾ പോയിരു- ന്നില്ലെങ്കിൽ അതൊരു വലിയ നഷ്ടമായേനെ.ഞാൻ ആദ്യമായിട്ടാണ് ക്യാമറ ഉപയോഗിക്കുന്നത്.ആദ്യം എനിക്ക് ഒന്നും അറിയില്ലായിരുന്നു. പക്ഷെ ആ ക്യാമ്പ് കഴിഞ്ഞതിനുശേഷം എനിക്ക് ക്യാമറയെപ്പറ്റി കൂടുത- ൽ അറിയുവാൻ സാധിച്ചു.ഓരോ സ്കൂളിൽ നിന്നും മൂന്നോ നാലോ കുട്ടിക- ളാണ് ഈ ക്യാമ്പിൽ പങ്കെടുത്തത്.അവിടെ നിന്ന് എനിക്ക് പുതിയ കൂട്ടുകാരെ കിട്ടി.അവിടെ ഞങ്ങളെ പലതരം ഗ്രൂപ്പുകളാക്കി വാർത്ത നിർ- മ്മിക്കാൻ പറഞ്ഞിരുന്നു.ഇതുപോലെയൊരു ക്യാമ്പ് ഇനി ഒരിടത്തു കി- ട്ടിയില്ല.അത്രക്കും നല്ല ക്യാമ്പായിരുന്നു.

******************


अच्छे दिन... अच्छे दिन...
POLITICIANS
INDIANS
CORRUPTION
PEACE
अच्छे दिन... अच्छे दिन...
BUREAUCRATS
Shadab Ch


SREEVISHNU.M 9B

# വിജയവും പരാജയവും......

ജീവിതം ഒരു നാടകമാണ്.ആ നാടകത്തിലെ കഥാപാ- ത്രങ്ങളാണ് നാമോരുത്തരും.ജീവിതത്തിൽ രണ്ട് തരം ഇണ്ടുകളാണ് ഉള്ളത്.ഒന്ന് വിജയത്തിന്റെ ഇണ്ടും മറ്റൊന്ന് പരാജയത്തിന്റെ ഇണ്ടും.

വിജയം എന്നത് സന്തോഷമുള്ള ഒരു കാര്യമാണ്.എന്നാൽ പരാജയം നമ്മെ വിഷമത്തിലാഴ്ത്തുന്നതാണ്.വിജയം മാത്രം കൈവരിച്ച് ജീവി- ക്കാം,അതായത് സന്തോഷത്തോടെ മാത്രം ജീവിക്കാം എന്നാണ് നാം ആഗ്രഹിക്കുന്നത്.എന്നാൽ അത് എല്ലായിപ്പോഴും വിജയപൂർണ്ണമാകണ- മെന്നില്ല.എന്നാൽ ജീവിതത്തിൽ പരാജയപ്പെടുമ്പോൾ നമ്മുടെ മനസ്സ് വേദനിക്കുന്നു.സന്തോഷമുണ്ടായാലും വേദനയുണ്ടായാലും വേഗം അത് സ്പർശിക്കുന്നത് നമ്മുടെ മനസ്സിനെയാണല്ലോ."പരാജയം വിജയത്തി- ന്റെ ചവിട്ടുപടിയാണ്" എന്ന് മഹദ്വചനത്തിൽ നമുക്ക് കാണാം.ഇ- ത് വളരെ ശരിയാണ്.ഒരു കാര്യത്തിൽ നാം തോറ്റുപോയാൽ വിഷമിക്ക- രുത്.പകരം സന്തോഷിക്കുകയാണ് വേണ്ടത്.കാരണം പരാജയം എന്ന- ത് വിജയത്തിലേക്കെത്തിക്കാനുള്ള ഒരു നേർവഴിയാണ്. ഒരിക്കൽ ജീ- വിതത്തിൽ പരാജയപ്പെട്ടാൽ, ആ വിഷമത്തിൽ തങ്ങിനിൽക്കാതെ വിജയത്തിലേക്കുള്ള ശ്രമങ്ങൾ തുടരണം.ജീവിതത്തിൽ 'ലക്ഷ്യം'മന- സിലുറപ്പിച്ച് മുന്നേറണം.എല്ലാ കാര്യവും സന്തോഷത്തോടെയും പുഞ്ചിരി- യോടെയും നേരിടണം.

സ്കൂളിലെ കാര്യം തന്നെയെടുത്താൽ, ഒരു വിഷയത്തിൽ മാർക്ക് കുറഞ്ഞു എന്നതിന്റെ പേരിൽ ദുഖത്തിന്മേലടയിരിക്കുകയല്ല വേണ്ടത് . ആ കുറഞ്ഞ മാർക്കിൽ നിന്ന് ഇനിയെങ്ങനെ അത് കൂട്ടാം എന്നാകണം

ഓരോരുത്തരുടെയും ചിന്ത.വിജയവും പരാജയവും ഒരുപോലെ കാണ-
ണം.ജീവിതത്തെ എപ്പോഴും വെല്ലുവിളിയോടെ എടുക്കണം.അതുപോലെ-
ത്തന്നെയാണ് ജയവും.തന്നെക്കാൾ കൂടുതൽ മറ്റൊരാൾക്ക് മാർക്ക് കിട്ടി-
യാൽ അതിനെ അസൂയയോടെ വീക്ഷിക്കരുത്.മറിച്ച് അഭിനന്ദിക്കുകയും
പ്രോത്സാഹനം നൽകുകയുമാണ് വേണ്ടത്.
വിജയത്തിലെത്താനുള്ള,അല്ലെങ്കിൽ വിജയം കൈവരിക്കാനു-
ള്ള ആത്മശ്രമങ്ങൾ നടത്തണം.സ്വന്തം ആത്മവിശ്വാസം കൊണ്ട് ചെ-
യ്യുന്ന കാര്യങ്ങൾ ജീവിതത്തിൽ നന്മ മാത്രമേ വരുത്തൂ.
കഠിനാധ്വാനം കൊണ്ട് നാം കൈവരിക്കുന്നതാണ് ഏറ്റവും നല്ല
സന്തോഷകരമായ വിജയം.

By

Raniya Farhath.C.L

## ഇല കൊഴിയും കാലം

"മോനെ ... ജലീലെ..... നീ പാല് കുടിക്ക്.....""ഉമ്മാ ഞാൻ എത്ര കാലായി പറയുന്നു എനിക്ക് ഒരു ബൈക്ക് വേണം എന്ന് . അത് വാങ്ങിച്ച് തരാൻ നിങ്ങൾക്ക് സാധിക്കില്ലല്ലോ....മാതാപിതാക്കളാണ് പോലും.""മോനെ അതിന് പതിനെട്ട് വയസ്സായ നീ പ്ലസ് വണ്ണിലല്ലേ പഠിക്കണത്.നല്ല മാർക്ക് വാങ്ങിക്കാൻ നോക്ക് അതാ വേണ്ടത്.ഞങ്ങ-ക്ക് നീ ഒന്നല്ലേ ഉള്ളൂ.നിന്നെ നിലത്ത് വെക്കാതെ, പറഞ്ഞത് പറഞ്ഞത്
സാധിച്ച് തന്നിട്ടാ ഞങ്ങ പോറ്റണത്.അതിന് നീ നിന്റെ നല്ല ഭാവി കൊണ്ട് ഞങ്ങക്ക് കാണിച്ചുതരണം.അല്ലാ നിന്റെ കണ്ണെന്താ ഇങ്ങനെ ചോത്തിര്ക്കണത്.രാത്രി ഒറങ്ങിയിറ്റ്ല്ലാല്ലേ.പഠിക്കണതായിരിക്കും ല്ലെ.
മുറി എപ്പളും അടച്ചിറ്റല്ലെ പഠിക്കണത്.എക്കെന്തും അറീലപ്പാ!” അപ്പോ- ഴേക്കും മുറ്റത്ത് ഒരു ഹോൺ അടി കേൾക്കുന്നു.പുറത്ത് പോയി നോക്കു-

മ്പോഴതാ അവന്റെ കൂട്ടുകാരൻ ബൈക്കുമായെത്തി."എടാ നിക്ക് 18 വയസ്സായോ"ഉമ്മ ചോദിച്ചു."ഇല്ല ഇത് എന്റെ ഏട്ടന്റെതാ ....” അവൻ മറുപടി പറഞ്ഞു.ഉമ്മക്കത് തീരെ ഇഷ്ടപ്പെട്ടില്ല-"ഈ ചെറുപ്രായത്തിൽ കളിക്കണ കളി നോക്ക്.ഉം നേരേ പഠിച്ച് നല്ലൊരു നിലയിലെത്തിയാൽ മതി.ഉം പൊയ്ക്കോ. ”11 മണിയാകുമ്പോഴേക്കും ലാൻഡ്ഫോൺ അടിക്കുന്നതു കേട്ടു. ഉമ്മ ഫോണെടുത്തു.“ഹലോ, ഇത് ജലീലിന്റെ ഉമ്മയല്ലേ.... അവന്റെ സ്കൂളിൽ നിന്ന് വിളിക്ക്യാ.ഒരാഴ്ചയായി അവൻ സ്കൂളിൽ വന്നില്ലല്ലോ,എന്താ പ്രശ്നം?”ഇത്രയും കേട്ടപ്പോഴേക്കും ആയിഷയുടെ മനസ്സ് കാറ്റുതട്ടിയ ചീട്ടുകൊട്ടാരം പോലെ തകർന്നു വീണു. “എന്റെ അള്ളാ എ- ന്താ ഈ കേക്കണേ.ടീച്ചറെ അവൻ എന്നും സ്കൂൾ യൂണിഫോം ഇട്ട് അവ- ന്റെ ഫ്രണ്ടുമായി സ്കൂളിലേക്ക് പോകുന്നെന്നും പറഞ്ഞാ ഇവിടന്ന് ഇറങ്ങാ- റ്.പിന്നെ എന്റെ മോൻ എവിടെ പോയി?”

കുറച്ച് സമയത്തിനു ശേഷം ആരോ കതകിനു മുട്ടി.ജലീലാണെന്നു കരുതി ആയിഷ ആവേശത്തോടെ വാതില്ല തുറന്നു.“ജലീലിന്റെ ഉമ്മയാണല്ലേ.....അവന്റെ മുറിയേതാ” “അതാ....ആ പൂട്ടിയിരിക്കുന്നതാ. അവൻ എന്നും പൂട്ടിയിട്ടാ പോകുന്നത്. ”അവർ കതക് ചവിട്ടി തുറന്നതും -മേശമേലും കിടക്കയിലും ഒക്കെ മയക്കുമരുന്നും കഞ്ചാവുമായിരുന്നു.ഇതൊക്കെ കണ്ട ആയിഷ തലകറങ്ങി വീണ് ആശുപത്രിയിലെ ICU വിൽ അഡ്മിറ്റായി.

“പോലീസിനെ അറിയിക്കണം .ഇങ്ങനെ വിട്ടാൽ പറ്റില്ലാ... ഇവന്റെ ബോസ് ആരാണെന്ന് അറിയണം.” നാട്ടുകാർ ഒരേ സ്വരത്തിൽ പറഞ്ഞു. സഹോദരങ്ങളെ ഇന്നത്തെ സമൂഹത്തിലെ കുട്ടികൾ എങ്ങനെയാണെന്ന് കണ്ടില്ലെ....അവർ അവരുടെ സന്തോഷം കണ്ടെത്തുന്നു.അവർ പൂമ്പാറ്റകളാണ് -പാറിപ്പാറി നടക്കേണ്ടവരും.മൺ ചിരാതുകൾ പോലെ അവർ പ്രകാശിക്കട്ടെ.......Anjusha.K.E

# MY WORLD OF CARTOON

SHADAB AHAMED






# THANKS

